# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ 2011-12 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.1983/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.16.09.2019

---

പരാമർശം:- 1) പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.05.2015 ലെ എ 1-2379/15 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 04.02.2016 ലെ എം3-926/2016 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 28.03.2017 ലെ കെ.എസ്.എ.2832/പി.റ്റി.2/16 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ 2011-12 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം 2,00,000/-(രണ്ട് ലക്ഷം രൂപ മാത്രം) തടസ്സപ്പെടുത്തിയിരുന്നു. തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളതും പഞ്ചായത്തിന് കൈമാറിക്കിട്ടാത്തതുമായ ജനത ഹൈസ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണത്തിന് ചെലവഴിച്ച 2,00,000/-(രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ചെലവ് ക്രമപ്രകാരമല്ലാത്തതിനാലായിരുന്നു ടി തുക ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയത്. തടസ്സപ്പെടുത്തലിനെ തുടർന്ന് പരാമർശം(1) മുഖേന തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി തടസ്സപ്പെടുത്തൽ സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകുകയും ഉചിതമാർഗ്ഗേന ലഭിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം(2) മുഖേന സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി. പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൻമേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് പരാമർശം(3) മുഖേന ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**2.** ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ, തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളതും പഞ്ചായത്തിന് കൈമാറിക്കിട്ടാത്തതുമായ നടുവട്ടം ജനത ഹൈസ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണത്തിന് ചെലവഴിച്ച 2,00,000/- രൂപ ക്രമപ്രകാരമല്ലാത്തതിനാൽ തടസ്സപ്പെടുത്തിയിരുന്നെങ്കിലും പഞ്ചായത്തിലെ ഏക ഗവ: ഹൈസ്കൂളായതിനാലും, പരിശീലനം നൽകുന്നതിന്

പഞ്ചായത്തിലെ ഏക കായികാദ്ധ്യാപകന്റെ സേവനം ലഭ്യമാകും എന്നതിനാലും കേരളോത്സവവുമായി ബന്ധപ്പെട്ട കായിക മത്സരങ്ങൾ നടത്തുന്നത് പ്രസ്തുത ഗ്രൗണ്ടിലായതിനാലുമാണ് പദ്ധതി ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ ചെലവഴിച്ച് ഗ്രൗണ്ട് പുനരുദ്ധരിച്ചതെന്ന പഞ്ചായത്തിന്റെ 27.04.2015 ലെ 9(2) നമ്പർ തീരുമാനം പരിഗണിക്കാവുന്നതും പ്രസ്തുത ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ പരാമർശം(1), (2) ലെ അനുകൂല ശിപാർശകൾ, യുക്തമായ തീരുമാനം സർക്കാരിന് കൈക്കൊള്ളാമെന്ന ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ചും കായികരംഗത്തെ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി കാംക്ഷിച്ചും പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ 2011-12 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**